ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | പ്രധാനവാർത്തകൾ | **DATE:17.12.2025**

1. പാർലമെന്റിന്റെ ശീതകാല സമ്മേളനം പുരോഗമിക്കുന്നു. വികസിത് ഭാരത് - റോസ്ഗാർ ആൻഡ് അജീവിക മിഷൻ ബില്ലിന്മേൽ ഇന്നും ചർച്ച തുടരും.

2. ത്രിരാഷ്ട്ര സന്ദർശനത്തിൻറെ മൂന്നാം പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഒമാനിലെത്തും.

3. സംസ്ഥാനത്ത് വോട്ടെടുപ്പ് മാറ്റിവച്ച മൂന്ന് തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള പ്രത്യേക തിരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും.

4. വയനാട്ടിൽ ജനവാസ മേഖലയിൽ ഇറങ്ങിയ കടുവയെ പിടികൂടാനുള്ള ദൗത്യം ഊർജിതമാക്കി വനം വകുപ്പ്.

5. 30-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ ജനപങ്കാളിതം ഏറുന്നു. സെൻസർ ഇളവ് നൽകിയ ആറ് ചിത്രങ്ങൾ ഉൾപ്പെടെ ഇന്ന് പ്രദർശനത്തിന്.

6. ഇന്ത്യ- ദക്ഷിണാഫ്രിക്ക ടി20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് ലഖ്നൗവിൽ.

RNU TVPM

***********************************

## പാർലമെൻറ്

പാർലമെൻറിന്റെ ശീതകാല സമ്മേളനം പുരോഗമിക്കുന്നു. ഇരുസഭകളിലും ചോദ്യോത്തര വേള ആരംഭിച്ചു. രാജ്യത്ത് ഇതുവരെ രണ്ടായിരം കിലോമീറ്ററിലധികം റെയിൽവെ ലൈനുകളിൽ കവച് സംവിധാനം നടപ്പിലാക്കിയതായി റെയിൽവെ മന്ത്രി അശ്വനി വൈഷ്ണവ് ലോക്സഭയിൽ അറിയിച്ചു. ലോക്സഭയിൽ ഇന്നലെ അവതരിപ്പിച്ച വികസിത് ഭാരത് - റോസ്ഗാർ ആൻഡ് അജീവിക മിഷൻ ബില്ലിന്മേൽ ഇന്നും ചർച്ച തുടരും.

***********************************

## രാഷ്ട്രപതി - തമിഴ്നാട്

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ഒരാഴ്ച നീണ്ട കർണാടക, തമിഴ്നാട്, തെലങ്കാന സന്ദർശനം പുരോഗമിക്കുന്നു. രാഷ്ട്രപതി ഇന്ന് തമിഴ്നാട്ടിലെ വെല്ലൂർ സന്ദർശിക്കും. തമിഴ്നാട് ഗവർണർ ആർ എൻ രവിയും കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി ഡോ എൽ മുരുകനും രാഷ്ട്രപതിയെ സ്വാഗതം ചെയ്യും. തുടർന്ന് ശ്രീപുരം സുവർണ്ണ ക്ഷേത്രത്തിൽ ദർശനം നടത്തുന്ന രാഷ്ട്രപതി ക്ഷേത്ര സമുച്ചയത്തിലെ ധ്യാന പവലിയൻ ഉദ്ഘാടനം ചെയ്യും .

***********************************

## വിദേശകാര്യ മന്ത്രാലയം

മാനുഷിക മൂല്യങ്ങൾക്കാണ് ഇന്ത്യ എക്കാലവും പ്രാധാന്യം നല്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. എത്യോപ്യൻ പാർലമെന്റിന്റെ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. സന്ദർശനത്തിൻറെ

RNU TVPM

പശ്ചാത്തലത്തിൽ ഇരുരാജ്യങ്ങളും തമ്മിൽ വ്യാപാരം, നിക്ഷേപം, കൃഷി തുടങ്ങിയ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്താൻ ധാരണയായതായി സാമ്പത്തിക കാര്യങ്ങൾക്കുള്ള വിദേശകാര്യ സെക്രട്ടറി സുധാകർ ദലൈല മാധ്യമങ്ങളോട് പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദി എത്യോപ്യൻ പ്രധാനമന്ത്രിയുമായി ഉഭയകക്ഷി ചർച്ച നടത്തിയതായും വിദേശകാര്യമന്ത്രാലയം അറിയിച്ചു. എത്യോപ്യയുടെ പരമോന്നത ബഹുമതിയായ 'ദി ഗ്രേറ്റ് ഓണർ നിഷാൻ ഓഫ് എത്യോപ്യ' പ്രധാനമന്ത്രി ക്ക് സമ്മാനിച്ചു.

****************************************

## പ്രധാനമന്ത്രി - ഒമാൻ

ത്രിരാഷ്ട്ര സന്ദർശനത്തിൻറെ മൂന്നാം പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഒമാനിലെത്തും. ജോർദാൻ, എത്യോപ്യ സന്ദർശനം പൂർത്തിയാക്കിയാണ് അദ്ദേഹം ഒമാനിലെത്തുന്നത്. ഇന്ത്യ-ഒമാൻ നയതന്ത്ര ബന്ധത്തിന്റെ 70-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ഒമാൻ സുൽത്താൻ ഹൈതം ബിൻ താരിക്കിന്റെ ക്ഷണപ്രകാരമാണ് ശ്രീ മോദിയുടെ സന്ദർശനം.

RAJUTVPM

****************************************

## വയനാട് -കടുവ (ഇൻട്രോ)

വയനാട്ടിൽ ജനവാസ മേഖലയിൽ ഇറങ്ങിയ കടുവയെ പിടികൂടാനുള്ള ദൗത്യം വനം വകുപ്പിൻറെ നേതൃത്വത്തിൽ ഊർജിതമായി പുരോഗമിക്കുന്നു. കടുവ ചീക്കല്ലൂർ, പുളിക്കൽ, മേച്ചേരിക്കുന്ന് ഭാഗത്ത് തന്നെ തുടരുന്നു എന്നാണ് സൂചനയെന്നും അനുയോജ്യ സാഹചര്യമനുസരിച്ച് മയക്കു വെടിവെക്കും എന്നും സൗത്ത് വയനാട് ഡി എഫ് ഒ അജിത് കെ. രാമൻ മാധ്യമങ്ങളോട് പറഞ്ഞു.

(വോയിസ്)

************************************

## ആഗോള ഉച്ചകോടി

ലോകാരോഗ്യ സംഘടനയുടെ രണ്ടാമത് ആഗോള ഉച്ചകോടി ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. മൂന്ന് ദിവസത്തെ ഉച്ചകോടി കേന്ദ്ര ആയുഷ് മന്ത്രാലയവുമായി സഹകരിച്ചാണ് സംഘടിപ്പിച്ചിരിക്കുന്നത്. ശാസ്ത്രജ്ഞർ ഉൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ പങ്കെടുക്കും. സമത്വം പുനഃസ്ഥാപിക്കൽ: ആരോഗ്യം, ക്ഷേമം തുടങ്ങിയവയുടെ ശാസ്ത്രവും പ്രായോഗികതയും എന്നതാണ് ഇത്തവണത്തെ പ്രമേയം.

************************************

## വൈദ്യുതി വിതരണം-കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ജില്ലയിലെ ഇരിട്ടി ടൗണിൽ വൈദ്യുതി വിതരണം പൂർണമായും കേബിൾ സംവിധാനത്തിലേക്ക് മാറ്റുന്നു. കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി കൊണ്ടാണ് നഗരത്തെ വൈദ്യുതി ലൈൻ രഹിതമാക്കി മാറ്റുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

(വോയ്സ്)

************************************

## പി രാജീവ്

കെൽട്രോണുമായി സൈനിക, വാണിജ്യ മേഖലകളിൽ സഹകരിച്ചു പ്രവർത്തിക്കാൻ താത്പര്യം പ്രകടിപ്പിച്ച് റഷ്യയിലെ പ്രധാന സൈനിക ഉപകരണ നിർമ്മാതാക്കളായ JSC അഗറ്റ്, JSC സല്യൂട്ട് എന്നി കമ്പനികൾ. റഷ്യയിലെ പവർ സപ്ലൈസ്, സിഗ്നൽ

RNU TVPM

പ്രോസസ്സിംഗ് പോലുള്ള ഉപകരണങ്ങളുടെ രൂപകൽപ്പനയിലും നിർമ്മാണത്തിലും ഒരുമിച്ച് പ്രവർത്തിക്കാനുള്ള ധാരണാപത്രത്തിൽ ഒപ്പിടാൻ ഇരുപക്ഷവും തീരുമാനിച്ചതായി വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് സാമൂഹ്യമാധ്യമത്തിലൂടെ അറിയിച്ചു.

*******************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*******************************************

## വൈസ് ചാൻസിലർ നിയമനം

കേരള സാങ്കേതിക ഡിജിറ്റൽ സർവ്വകലാശാല വൈസ് ചാൻസിലർമാരുടെ നിയമനത്തിൽ സർക്കാരും ഗവർണറും തമ്മിൽ ധാരണയിലെത്തി. K.T.U വി. സി ആയി ഡോ.സിസാ തോമസിനെയും ഡിജിറ്റൽ സർവ്വകലാശാല വി.സിയായി ഡോ. സജി ഗോപിനാഥിനെയും തീരുമാനിച്ചു. നിയമനം സംബന്ധിച്ച തീരുമാനം നാളെ സുപ്രീംകോടതിയെ അറിയിക്കുമെന്ന് കേരളാ ലോക്ഭവൻ പ്രസ്താവനയിൽ അറിയിച്ചു. അതേസമയം, സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലറായ സിസ തോമസ് ഇന്ന് ചുമതലയേറ്റു.

*******************************************

## ഐ.എഫ്.എഫ്.കെ (ഇൻട്രോ)

30-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേള ആറാം ദിനത്തിലേക്ക് കടന്നു. 11 തീയേറ്ററുകളിലായി 72 ചിത്രങ്ങളാണ് ഇന്ന് പ്രദർശിപ്പിക്കുന്നത്.

RNUTVPM

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......**

(വോയ്സ്)

**************************************

## <u>തിരഞ്ഞെടുപ്പ് - വിജ്ഞാപനം</u>

കേരളത്തിൽ സ്ഥാനാർത്ഥികളുടെ നിര്യാണത്തെത്തുടർന്ന് വോട്ടെടുപ്പ് മാറ്റിവച്ച മൂന്ന് തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള പ്രത്യേക തിരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ അറിയിച്ചു. തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം വാർഡ്, മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിലെ പായിമ്പാടം വാർഡ്, എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്തിലെ ഓണക്കൂർ വാർഡ് എന്നിവിടങ്ങളിലേക്ക് അടുത്ത മാസമാണ് പ്രത്യേക തിരഞ്ഞെടുപ്പ്. അതേസമയം, തദ്ദേശസ്ഥാപനങ്ങളിലെ അധ്യക്ഷ- ഉപാധ്യക്ഷ സ്ഥാനത്തേക്കുളള തിരഞ്ഞെടുപ്പ് ഈ മാസം 26, 27 തീയതികളിൽ നടത്തും.

RNU TVPM

**************************************

## <u>എസ്.ഐ.ആർ - ഫോം</u>

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി സംസ്ഥാനത്ത് വീടുകൾ തോറുമുള്ള വിവര ശേഖരണം നാളെ അവസാനിക്കും. കേരളത്തിൽ എസ്.ഐ.ആറുമായി ബന്ധപ്പെട്ട് ഇന്നലെ വൈകിട്ട് 6 മണിയോടെ ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം രണ്ട് കോടി 78 ലക്ഷത്തി 32,269 ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽക്കർ. ഇത് മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 99.93 ശതമാനം ആണ്.

***********************************

<u>ഇടുക്കി - മഞ്ഞ് (ഇൻട്രോ)</u>

തെക്കിന്റെ കശ്മീരെന്ന് അറിയപ്പെടുന്ന മൂന്നാർ അതിശൈത്യത്തിന്റെ പിടിയിലേക്ക് അമർന്നിരിക്കുന്നു. ഈ സീസണിലെ ഏറ്റവും കുറഞ്ഞ താപനിലയായ 3 ഡിഗ്രി സെൽഷ്യസാണ് മൂന്നാറിലെ പല മേഖലകളിലും രേഖപ്പെടുത്തിയത്. മഞ്ഞിൽ മുങ്ങി നിൽക്കുന്ന മൂന്നാറിലെ കാഴ്ച ആസ്വദിക്കാൻ വിനോദ സഞ്ചാരികൾ വ്യാപകമായി എത്തിത്തുടങ്ങി.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

**(വോയ്സ്)**

***********************************

<u>ക്രിക്കറ്റ് ടി-20</u>

ഇന്ത്യ- ദക്ഷിണാഫ്രിക്ക ടി-20 പരമ്പരയിലെ നാലാം മത്സരം ഇന്ന് ലഖ്നൗവിൽ നടക്കും. ഏകാന ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകിട്ട് 7 മണിക്ക് ആണ് മത്സരം. അഞ്ച് മത്സരങ്ങൾ ഉള്ള പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലാണ്. അഞ്ചാമത്തെയും അവസാനത്തെയും മത്സരം വെള്ളിയാഴ്ച അഹമ്മദാബാദിൽ നടക്കും.

**********************************************************************

***********************************

RNU TVPM